(സി) വിശദാംശങ്ങളടങ്ങുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഭാഗികമായി ബാധകമാണ്. പ്രസ്തുത പരിധിയിൽ വരാത്ത അപേക്ഷകരോട് ഇപ്രകാരം നിർദ്ദേശിക്കാറില്ല.

ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിന് എംപവേർഡ് കമ്മറ്റി

106 [2598] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിന്റെ സമഗ്രവികസനം ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നോഡൽ ഓഫീസറായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്; ചെയർമാൻ, കമ്മിറ്റി അംഗങ്ങൾ എന്നിവർ ആരെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്മിറ്റി ഇത് സംബന്ധിച്ച എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കും എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതിക്ക് എവിടെനിന്നും ധനം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നോഡൽ ഓഫീസർ—ടൂറിസം സെക്രട്ടറി, ചെയർമാൻ—ആലപ്പുഴ ജില്ലാ കളക്ടർ

കമ്മറ്റി അംഗങ്ങൾ:

1. ആലപ്പുഴ എം. പി.
2. ആലപ്പുഴ എം. എൽ. എ.
3. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
7. മുനിസിപ്പൽ ചെയർപേഴ്സൺ

(സി) രൂപരേഖ തയ്യാറാക്കിവരുന്നു. കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് തയ്യാറാക്കുന്നത്. രണ്ടാഴ്ചക്കുള്ളിൽ പൂർത്തിയാകും.

(ഡി) ടൂറിസം വകുപ്പാണ് പണം നൽകുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly